## പതിനാലാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.881**      **28.04.2017-ൽ മറുപടിയ്ക്ക്**

## കോതമംഗലത്ത് മലയോര ഹൈവേയുടെ നിർമ്മാണം

| ചോദ്യം | | മറുപടി |
|---|---|---|
| **ശ്രീ.ആന്റണി ജോൺ:** | | **ശ്രീ.ജി.സുധാകരൻ**<br>**(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി)** |
| (എ) നിർദ്ദിഷ്ട മലയോര ഹൈവേയുടെ നിർമ്മാണ പ്രവർത്തനവുമായി ബന്ധപ്പെട്ട് കോതമംഗലം മണ്ഡലത്തിൽ കൂടി കടന്നു പോകുന്ന, വനം വകുപ്പുമായി തർക്കത്തിലിരുന്ന ഭാഗത്തെ പ്രവർത്തനങ്ങളുടെ തർക്കം പരിഹരിച്ചശേഷമുള്ള നിലവിലെ സ്ഥിതി എന്താണെന്ന് വ്യക്തമാക്കാമോ; | (എ) | പ്രസ്തുത പ്രവർത്തികൾക്കായി 25.08.2016-ൽ നടന്ന ഉന്നതതല യോഗത്തിൽ ഫോറസ്റ്റ് നിയമങ്ങൾ പാലിച്ചു കൊണ്ട് തുടരാനുള്ള തീരുമാനമെടുത്തിട്ടുണ്ട്. എന്നാൽ നിലവിൽ ഉള്ള കരാറുകാരൻ ഈ പ്രവൃത്തിയിൽ നിന്നും ഒഴിവാക്കുന്നതിനായി കത്ത് നൽകിയതിനെ തുടർന്ന് ഈ കരാറുകാരനെ നഷ്ടോത്തരവാദിത്വത്തിൽ അല്ലാതെ ഒഴിവാക്കി ബാക്കി പണികൾ പുനക്രമീകരിക്കുന്നതിനുള്ള പൊതുമരാമത്ത് ചീഫ് എഞ്ചിനീയറുടെ പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചു വരുന്നു. |
| (ബി) ഇതുമായി ബന്ധപ്പെട്ട് സെക്രട്ടേറിയറ്റിലെ 67/H2/PWD എന്ന ഫയലിന്റെ നിലവിലെ സ്ഥിതിയെന്തെന്ന് വ്യക്തമാക്കാമോ;<br>(സി) പ്രസ്തുത ഫയലിൽ എന്തെങ്കിലും തീരുമാനമെടുത്തിട്ടുണ്ടോ;<br>(ഡി) നിർമ്മാണ പ്രവർത്തനങ്ങൾ എന്ന് ആരംഭിക്കാൻ കഴിയും എന്ന് വ്യക്തമാക്കാമോ? | (ബി), (സി) & (ഡി) | ടി ഫയൽ ധനകാര്യ വകുപ്പ് പരിശോധിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ